**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 265** **27-06-2022 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ വനിതാവികസന കോർപ്പറേഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതാവികസന കോർപ്പറേഷന്റെ ഏതെങ്കിലും ഓഫീസ് പേരാമ്പ്ര മണ്ഡലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | (എ) വനിതാ വികസന കോർപ്പറേഷന്റെ പേരാമ്പ്ര സബ് ഓഫീസ് 2020 നവംബർ 3ന് പ്രവർത്തനം ആരംഭിച്ചു. |
| (ബി) | പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളത്; ഇവർ കോർപ്പറേഷന്റെ ജീവനക്കാരോ താൽക്കാലിക ജീവനക്കാരോയെന്നും ജീവനക്കാരുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ബി) | (ബി) കോഴിക്കോട് ചക്കിട്ടപ്പാറ വനമിത്ര പ്രോജക്ടിലെ രണ്ട് ഉദ്യോഗസ്ഥർക്ക് ആണ് പേരാമ്പ്ര സബ് ഓഫീസിന്റെയും ചുമതല നല്കിയിരിക്കുന്നത്. ഇവർ താൽക്കാലിക കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരാണ്. ശ്രീമതി. രശ്മി പി. സി., (കമ്മിറ്റഡ് സോഷ്യൽ വർക്കർ, വനമിത്ര), ശ്രീമതി. പ്രിൻസി പാപ്പൻ, (കമ്മിറ്റഡ് സോഷ്യൽ വർക്കർ, വനമിത്ര). |
| (സി) | പ്രസ്തുത ഓഫീസിലേക്ക് ജീവനക്കാരെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കോഴിക്കോട് റീജണൽ ഓഫീസിൽ നിന്നും എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; | (സി) | (സി) കോഴിക്കോട് മേഖലാ ഓഫീസിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട് എന്ന് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | എന്തൊക്കെ കാര്യങ്ങളാണ് ഈ ഓഫീസ് കൈകാര്യം ചെയ്യുന്നതെന്നും ഓഫീസിലെ ചുമതല ആർക്കാണെന്നും വിശദമാക്കാമോ? | (ഡി) | (ഡി) പേരാമ്പ്രയിലെയും സമീപ പ്രദേശങ്ങളിലെയും വായ്പാ വിതരണവും തിരിച്ചടവുമായി ബന്ധപ്പെട്ട ജോലികൾ, വനമിത്ര പദ്ധതി ഏകോപനം, കോർപ്പറേഷന്റെ മറ്റ് പദ്ധതികളുടെ പ്രദേശവുമായി ബന്ധപ്പെട്ട ജോലികൾ എന്നീ കാര്യങ്ങളാണ് ഈ ഓഫീസിൽ കൈകാര്യം ചെയ്തു വരുന്നത്. പേരാമ്പ്ര സബ് ഓഫീസിന്റെ ചുമതല ശ്രീമതി. രശ്മി പി. സി. (കമ്മിറ്റഡ് സോഷ്യൽ വർക്കർ, വനമിത്ര)യ്ക്കാണ് നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ